**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1915** **29-07-2021 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ ഉത്പാദന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി ദെലീമ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ സൗരോർജ്ജ ഉത്പാദന പദ്ധതികൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കെൽട്രോൺ നടത്തിവരുന്ന വിവിധ പദ്ധതികൾ സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | സംസ്ഥാന സർക്കാരിന്റെ സൗരോർജ്ജ ഉത്പാദന പദ്ധതികൾ കാര്യക്ഷമമാക്കു-ന്നതിന്റെ ഭാഗമായി കെൽട്രോൺ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കെൽട്രോൺ കൺട്രോൾസ് അരൂരിൽ 2 മെഗാ വാട്ട് ഓൺഗ്രിഡ് സോളാർ പവർപ്ലാന്റ്, ആലുവ നേവൽ ആർമ്മമെന്റ് ഡിപ്പാർട്ട്മെന്റിൽ 1 മെഗാ വാട്ടിന്റെ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന നടപടികൾ അന്തിമ-ഘട്ടത്തിലാണ്. കെ. എസ്. ഇ. ബി. പാലക്കാട് ഡിവിഷനുവേണ്ടി 500 കിലോ വാട്ടിന്റെ ഓൺഗ്രിഡ് സോളാർ പവർപ്ലാന്റ് സെപ്റ്റംബർ മാസത്തിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്. സി - ഡാക്കിന്റെ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇടുക്കി രാമക്കൽമേട്ടിൽ കെൽട്രോൺ നിർമ്മിക്കുന്ന ഒരു മെഗാ വാട്ട് സോളാർ പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 500 കിലോ വാട്ട് പ്ലാന്റിന്റെ സ്ഥാപനം ഓഗസ്റ്റ് മാസത്തോടെയും ബാക്കി 500 കിലോ വാട്ട് പ്ലാന്റിന്റെ സ്ഥാപനം ഡിസംബർ മാസത്തോടെയും പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | കെൽട്രോൺ സോളാർ പവ്വർ കണ്ടീഷനിംഗ് യൂണിറ്റ് (പി.സി.യു) നിർമ്മാണത്തിനും ഉൽപ്പന്നങ്ങളുടെ വാണിജ്യ വൽക്കരണത്തിനും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | കരകുളത്തെ കെൽട്രോൺ പവ്വർ ഇലക്ട്രോണിക്സ് ഗ്രൂപ്പിനെ നവീകരിച്ച് പവ്വർ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്; അതിന്റെ പ്രവർത്തന പുരോഗതി അറിയിക്കാമോ? | (സി) | കരകുളത്തെ കെൽട്രോൺ പവ്വർ ഇലക്ട്രോണിക്സ് ഗ്രൂപ്പിനെ നവീകരിച്ച് പവ്വർ ഇലക്ട്രോണിക്സ് ഹബ്ബാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി വിദഗ്ധ സമിതിക്ക് മുൻപാകെ സമർപ്പിച്ച് തുടർ നടപടി സ്വീകരിക്കുന്നതിനുള്ള കാര്യം കെൽട്രോൺ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ